"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

<u>സംഗ്രഹം</u>

പിന്നാക്ക വിഭാഗ വികസന വകുപ്പ് - 'പാർക്കവകലം' (Parkavakulam) സമുദായത്തെ സംസ്ഥാനത്തെ മറ്റ് പിന്നാക്ക വിഭാഗങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പിന്നാക്ക വിഭാഗ വികസന (എ) വകുപ്പ്

സ.ഉ.(കൈ) നം.8/2023/BCDD തീയതി, തിരുവനന്തപുരം, 11-09-2023

---

പരാമർശം:- കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷന്റെ 10/01/2023 -ലെ റിപ്പോർട്ട്.

<u>ഉത്തരവ്</u>

'പാർക്കവകലം ' ( Parkavakulam) കേരളത്തിലെ തമിഴ് ന്യൂനപക്ഷ വിഭാഗത്തിൽ ഉൾപ്പെട്ട ഒരു വിഭാഗമാണ്. ഈ സമുദായത്തിലെ അംഗങ്ങൾ പാലക്കാട് ജില്ലയിലെ തമിഴ്നാടുമായി അതിർത്തി പങ്കിടുന്ന പ്രദേശങ്ങളിൽ താമസിക്കുന്നവരും സാമൂഹ്യപരമായും സാമ്പത്തികപരമായും പിന്നാക്കാവസ്ഥയിലുള്ളവരുമാണ്. ഈ വിഭാഗക്കാരുടെ കുട്ടികൾക്ക് സ്കൂളുകളിലും കോളേജുകളിലും അഡ്മിഷന് ധാരാളം പ്രയാസം നേരിടുന്നതായി കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ റിപ്പോർട്ട് ചെയ്തിട്ടുണ്ട് . ഈ വിഭാഗങ്ങളിലെ ഭൂരിഭാഗം പേരും കർഷകരും അവരുടെ കുട്ടികൾക്ക് ശരിയായ വിദ്യാഭ്യാസം നൽകാത്തവരുമാണ് . സർക്കാർ മേഖലയിൽ ഈ വിഭാഗങ്ങൾക്ക് സംവരണാനുകൂല്യം ലഭിക്കുന്നില്ല . 'പാർക്കവകലം ' ( Parkavakulam) വിഭാഗത്തിനെ സാമൂഹികമായും വിദ്യാഭ്യാസപരമായും പിന്നാക്ക വിഭാഗത്തിൽപ്പെട്ടവരുടെ (SEBC) പട്ടികയിൽ മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത് . സംസ്ഥാന സർവ്വീസിൽ ഇവർക്ക് മതിയായ പ്രാതിനിധ്യം ലഭിച്ചിട്ടില്ലാത്തതാണ് . അതിനാൽ 'പാർക്കവകലം ' ( Parkavakulam) സമുദായം പിന്നാക്ക വിഭാഗത്തിൽപ്പെട്ടതാകയാൽ ഇവരെ മറ്റ് പിന്നാക്ക വിഭാഗക്കാരുടെ പട്ടികയിൽ ഉൾപ്പെടുത്തേണ്ടതാണെന്നും കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ റിപ്പോർട്ട് ചെയ്തിട്ടുണ്ട്

(2) 'പാർക്കവകലം ' ( Parkavakulam) സമുദായത്തെ 1958-ലെ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് റൂൾസ് പാർട്ട് - I ഷെഡ്യൂൾ ലിസ്റ്റ് III -ൽ ഇനം നമ്പർ 54 A ആയി സംസ്ഥാനത്തെ മറ്റ് പിന്നാക്ക വിഭാഗങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്താവുന്നതാണെന്ന് പരാമർശ റിപ്പോർട്ട് പ്രകാരം കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ ശിപാർശ ചെയ്യുകയുണ്ടായി .

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷന്റെ ശിപാർശ അംഗീകരിച്ച് 'പാർക്കവകലം' (Parkavakulam) സമുദായത്തെ 1958 -ലെ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് റൂൾസ് പാർട്ട് - I ഷെഡ്യൂൾ ലിസ്റ്റ് III -ൽ ഇനം നമ്പർ 54 A ആയി സംസ്ഥാനത്തെ മറ്റ് പിന്നാക്ക വിഭാഗങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. ഇത് സംബന്ധിച്ച വിജ്ഞാപനം പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ .എ .ജയതിലക് ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
സെക്രട്ടറി, കേരള നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്ത് സഹിതം)
എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർ / പ്രിൻസിപ്പൽ സെക്രട്ടറിമാർ / സെക്രട്ടറിമാർക്ക്
പൊതുഭരണ (എസ്.സി) വകുപ്പ് (07.09.2023 -ലെ ഇനം നം.1724 പ്രകാരം)
ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
രജിസ്ട്രാർ, കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ, തിരുവനന്തപുരം
റവന്യൂ വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ / എ&ഇ), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്, വെള്ളയമ്പലം, തിരുവനന്തപുരം
ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, നന്ദാവനം, തിരുവനന്തപുരം
ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിനായി)
ധനകാര്യ വകുപ്പ്
ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്
കരുതൽ ഫയൽ / ഓഫീസ്കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Padmasekhar P
Date: 11-09-2023 22:42:11
സെക്ഷൻ ഓഫീസർ

പകർപ്പ്:-

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു. പട്ടികജാതി- പട്ടികവർഗ്ഗ പിന്നാക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്